ഉത്തരം

(എ) ഇല്ല.

(ബി) കക്കോടി ഇലക്ട്രിക്കൽ സെക്ഷനിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം വർക്കിൽ മുൻഗണനാക്രമമനുസരിച്ച് ഇത് അഞ്ചാമത്തേതാണ്.

(സി) മുൻഗണനാക്രമമനുസരിച്ചും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചും പരമാവധി വേഗത്തിൽ പ്രസ്തുത ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതാണ്.

പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷനിലെ സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി

132 (3937) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷനിലെ കുറുപ്പംപടി, വെങ്ങോല, കൂവപ്പടി സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സബ് സ്റ്റേഷനുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ ;

(സി) പെരുമ്പാവൂർ ഡിവിഷൻ അതിർത്തിയിൽ എവിടെയെല്ലാമാണ് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനകം സ്ഥാപിതമായ ഏതെങ്കിലും ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാകാതെ ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്നും എവിടെയെല്ലാം എന്നും എന്നത്തേക്ക് ഇവ ചാർജ് ചെയ്യുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കുറുപ്പംപടി സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായി. ഈ വർഷം ആഗസ്റ്റിൽ കമ്മീഷൻ ചെയ്യുന്നതാണ്. വെങ്ങോല, കൂവപ്പടി എന്നീ സബ് സ്റ്റേഷനുകൾക്കുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. ഇവയുടെ നിർമ്മാണം 2004-05 വർഷത്തിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) പെരുമ്പാവൂർ ഡിവിഷൻ അതിർത്തിയിൽ ചക്കുഞ്ചിറ, പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. റോഡ്, കെൻആർ കവല, അയ്ക്കുരി, പിച്ചാനിക്കാട്, ഇരുമ്പും പാറ, കുമുതോ, ചേലകുളം, കുറിച്ചിലക്കോട്, കോടനാട്, ഇലന്തകപ്പിള്ളി, ചെമ്പയ്ക്കോ, നീലേശ്വരം, കുഴിയംപാടം, മണപ്പാട് ചിറ, വേങ്ങൂർ, കാലടി, തുറവൂർ, പൊയ്യകടമ്പാ എന്നീ സ്ഥലങ്ങളിലാണ് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. അംബേദ്കർ കോളനി, ഇളംപിള്ളിച്ചാൽ, അശമന്നൂർ, കാക്കാംകുഴി, കിടങ്ങൂർ എന്നിവിടങ്ങളിൽ സ്ഥാപിതമായ ട്രാൻസ്ഫോർമറുകളാണ് പ്രവർത്തനക്ഷമമാകാതെ ഇരിക്കുന്നത്. പവർ ടെലികോം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭിക്കാത്തതിനാലാണ് ചാർജ് ചെയ്യാത്തത്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനക്ഷമമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly